**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5800** **08-07-2024 - ൽ മറുപടിയ്ക്ക്**

**സിവിൽ സപ്ലൈസ് വകുപ്പിന്റെ വാഹനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | **ശ്രീ ജി ആർ അനിൽ**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാനത്ത് ഭക്ഷ്യ പൊതുവിതരണ വകുപ്പിനുകീഴിൽ നിലവിൽ എത്ര വാഹനങ്ങളാണ് ഉപയോഗിക്കുന്നത് എന്നതിന്റെ താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(എ)

| ജില്ല | താലൂക്ക് സപ്ലൈ ഓഫീസ് | എണ്ണ |
|---|---|---|
| 1.തിരുവനന്തപുരം | തിരുവനന്തപുരം, നെയ്യാറ്റിൻകര | 2 |
| 2.ആലപ്പുഴ | അമ്പലപ്പുഴ | 1 |
| 3.പത്തനംതിട്ട | കോന്നി | 1 |
| 4.കോട്ടയം | ചങ്ങനാശ്ശേരി | 1 |
| 5.എറണാകുളം | കൊച്ചി, ആലുവ, കോതമംഗലം | 3 |
| 6.ഇടുക്കി | പീരുമേട് | 1 |
| 7.തൃശ്ശൂർ | കൊടുങ്ങല്ലൂർ, ചാവക്കാട്, ചാലക്കുടി, തലപ്പിള്ളി | 4 |
| 8.വയനാട് | മാനന്തവാടി | 1 |
| 9.മലപ്പുറം | കൊണ്ടോട്ടി, തിരൂർ | 2 |
| 10.കോഴിക്കോട് | കൊയിലാണ്ടി, കോഴിക്കോട് | 2 |
| 11.പാലക്കാട് | ചിറ്റൂർ, മണ്ണാർക്കാട്, ആലത്തൂർ | 3 |
| 12.കാസർഗോഡ് | ഹോസ്ദുർഗ്ഗ് | 1 |
| | ആകെ | 22 |

മേല്പറഞ്ഞവ കൂടാതെ 14 ജില്ലാ സപ്ലൈ ഓഫീസുകളിൽ ഓരോ വാഹനം വീതവും (ആകെ 14), ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ (North) / ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ (South) ഓഫീസുകളിൽ ഓരോ വാഹനം വീതവും (ആകെ 2),പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറേറ്റിൽ 9 വാഹനവും നിലവിലുണ്ട്.

(ബി) പതിനഞ്ച് വർഷം പഴക്കമുള്ള വാഹനങ്ങൾ ഒഴിവാക്കി പകരം പുതിയ വാഹനങ്ങൾ വാങ്ങാൻ വകുപ്പിന് അനുമതി നൽകിയിട്ടുണ്ടോ; മറ്റു വകുപ്പുകളെപോലെ കരാർ

(ബി) പുതിയ വാഹനം വാങ്ങാൻ അനുമതി നൽകിയിട്ടില്ല. 21/07/2023-ലെ G.O.(Rt.)No.306/2023/F&CS പ്രകാരം, നിലവിൽ ഡ്രൈവർ തസ്തികയിൽ ജീവനക്കാരുള്ളതും എന്നാൽ വാഹനമില്ലാത്തതുമായ 10 താലൂക്ക് സപ്ലൈ ഓഫീസുകളിലേയ്ക്ക് ഇന്ധന (fuel) വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 10/03/2023-ലെ

| | | | |
|---|---|---|---|
| | വ്യവസ്ഥയിൽ വാഹനം വാടകയ്ക്ക് എടുക്കുവാൻ വകുപ്പിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | | സ.ഉ.(സാധാ.)നം.109/2023/F&CS പ്രകാരം നിലമ്പൂർ താലൂക്ക് സപ്ലൈ ഓഫീസിലേക്ക് ഡീസൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 11/04/2022-ലെ സ.ഉ.(സാധാ) നം.123/2022/F&CS പ്രകാരം ഉടുമ്പഞ്ചോല താലൂക്ക് സപ്ലൈ ഓഫീസിൽ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നുണ്ട്. |
| (സി) | താലൂക്ക് സപ്ലൈ ഓഫീസുകളിൽ ഉപയോഗിക്കാൻ വാഹനമില്ലാത്തതുമൂലം നിലവിലുള്ള ഡ്രൈവർമാർ ജോലിയില്ലാതെ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ വകുപ്പിലെ മറ്റ് ജോലികളിലേക്ക് മാറ്റുവാൻ നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | 19/11/2015-ന് ശേഷം സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ഡ്രൈവർമാരെ 18/04/2023-ലെ സ.ഉ.(അച്ചടി) നം.07/2023/P&ARD ഉത്തരവിന് വിധേയമായി "ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ്" ആയി ക്രമീകരിക്കുന്നതിനും, 19/11/2015-ന് മുൻപ് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ഡ്രൈവർമാരെ സഞ്ചാര യോഗ്യമായ ഔദ്യോഗിക വാഹനം നിലവിലുള്ള ഓഫീസുകളിലേക്ക് മാറ്റുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വാഹനം ഇല്ലാത്ത താലൂക്കുകളിൽ റൊട്ടേഷൻ വ്യവസ്ഥയിൽ മറ്റു താലൂക്കുകളിൽ നിന്നും വാഹനം അനുവദിക്കുന്നുണ്ട്. ഈ വാഹനങ്ങൾ ഓടിക്കുന്നതിന് അതത് താലൂക്ക് സപ്ലൈ ഓഫീസുകളിലെ ഡ്രൈവർമാരുടെ സേവനം ഉപയോഗിച്ചു വരുന്നു. |
| (ഡി) | വാഹനമില്ലാത്തതുമൂലം റേഷൻ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും വിലക്കയറ്റവും ഉൾപ്പെടെയുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പരിശോധനകൾ മുടങ്ങുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വകുപ്പിന്റെ ഉപയോഗത്തിന് ആവശ്യമായ വാഹനസൗകര്യം അടിയന്തരമായി ഏർപ്പെടുത്തുവാൻ നടപടി ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (ഡി) | പരിശോധനകൾ സമയബന്ധിതമായി നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ